ധനം
BUSINESS MAGAZINE
2019 SEPTEMBER 30 ISSUE

avitis INSTITUTE OF MEDICAL SCIENCES
noel
Ponkathir
Legacy Partners
TAXATION | LEGAL | ASSURANCE
VARMA HOMES
OXEL

**ഹരികിഷോർ ഐ.എ.എസ്**
*എക്സിക്യൂട്ടിവ് ഡയറക്ടർ, കുടുംബശ്രീ*

# ലോകത്തിന് മുന്നിൽ മികച്ച മാതൃകയായ മുന്നേറ്റം

**നേട്ടം:** 2008 ബാച്ചിലെ കേരള കേഡർ ഐ.എ.എസ് ഉദ്യോഗസ്ഥനായ ഞാൻ മുൻപ് പത്തനംതിട്ട ജില്ലാ കളക്ടർ, എസ്.സി-എസ്.ടി ഡെവലപ്മെന്റ് വകുപ്പ് ഡയറക്ടർ, മാനന്തവാടി സബ് കളക്ടർ, ചെങ്ങന്നൂർ സബ് കളക്ടർ, ടൂറിസം വകുപ്പ് ഡയറക്ടർ എന്നീ ചുമതലകൾ വഹിച്ചിട്ടുണ്ട്. കുടുംബശ്രീ എന്ന പ്രസ്ഥാനത്തിൽ 2016 ഓഗസ്റ്റ് 17നാണ് ജോയ്ൻ ചെയ്തത്. കഴിഞ്ഞ മൂന്ന് വർഷം കൊണ്ട് ലോകത്തിലെ ഏറ്റവും വലിയ സ്ത്രീകളുടെ കൂട്ടായ്മയായ കുടുംബശ്രീക്ക് വേണ്ടി പലകാര്യങ്ങൾക്കും നേതൃത്വം കൊടുക്കാൻ കഴിഞ്ഞുവെന്നതാണ് ഏറ്റവും പ്രധാനം. വൈവിധ്യമാർന്ന പദ്ധതികൾ നടപ്പാക്കി കുടുംബശ്രീയെ തിളക്കമാർന്ന പുരോഗതിയിലേക്ക് കൊണ്ടുപോകാൻ സാധിച്ചു. സ്ത്രീശാക്തീകരണ രംഗത്തും ഉപജീവന പദ്ധതിയിലും മാർക്കറ്റിംഗിലും സംഘടനയുടെ ശാക്തീകരണത്തിലും സാമൂഹിക വികസനത്തിനുതകുന്ന പുതിയ പദ്ധതികൾ ആവിഷ്ക്കരിക്കാനും നടപ്പിലാക്കാനും സമൂഹത്തിൽ വളരെയേറെ മാറ്റങ്ങൾ ഉണ്ടാക്കാനും കഴിഞ്ഞു.

സംസ്ഥാനത്തൊട്ടാകെയായി രൂപീകരിക്കപ്പെട്ടിട്ടുള്ള 2.92 ലക്ഷം അയൽക്കൂട്ടങ്ങളിലൂടെ 43 ലക്ഷത്തിലധികം സ്ത്രീകൾ അംഗങ്ങളായിട്ടുള്ള ഒരു വമ്പൻ പ്രസ്ഥാനമായി കുടുംബശ്രീ വളർന്നുകഴിഞ്ഞു. ദാരിദ്ര്യ നിർമാർജനത്തിനായി കുടുംബശ്രീ നടത്തുന്ന പ്രവർത്തനങ്ങളെ വിവിധ ഭൂഖണ്ഡങ്ങളിലെ അനേകം രാജ്യങ്ങൾ മാതൃകയാക്കിക്കൊണ്ടിരിക്കുന്നു എന്നതും ഏറെ ശ്രദ്ധേയമാണ്.

**ഭാവിക്കായി:** കേരള സംസ്ഥാന സർക്കാരിന്റെ ദാരിദ്ര്യ നിർമാർജന മിഷനാണ് കുടുംബശ്രീ. സമൂഹത്തിലെ പ്രശ്നങ്ങളും ആവശ്യങ്ങളും മനസ്സിലാക്കാൻ വേണ്ടി നിരന്തരം ഫീൽഡ് തലത്തിൽനിന്നും ഫീഡ്ബാക്കുകൾ എടുത്തുകൊണ്ട് പദ്ധതികൾ ആവിഷ്ക്കരിക്കാനാണ് ഞങ്ങൾ ശ്രമിക്കാറുള്ളത്. ഇത്തരം Bottom level planning ആണ് കുടുംബശ്രീയെ ഭാവിയിലേക്ക് തയ്യാറാക്കാനായി ഞങ്ങൾ കൈക്കൊണ്ട ഒരു നടപടി. ഇതിനോടൊപ്പം പുതിയ സാങ്കേതികവിദ്യ ഉപയോഗിച്ചും പുതിയ അവസരങ്ങൾ കണ്ടെത്തിയും മറ്റ് കമ്പനികളും സേവനദാതാക്കളുമായി സംയോജനം സാദ്ധ്യമാക്കിയും പ്രവർത്തിക്കുക എന്നതാണ് ഞങ്ങൾ കൈക്കൊണ്ടിട്ടുള്ള മറ്റൊരു സ്ട്രാറ്റജി. ■

**കുടുംബശ്രീ**

**സ്ത്രീശാക്തീകരണത്തിനും ദാരിദ്ര്യ നിർമാർജനത്തിനുമായി രൂപീകരിക്കപ്പെട്ട മിഷനാണ് കുടുംബശ്രീ**

